# ഭോപ്പാലിന്റെ സമരപാഠങ്ങൾ

**മണിക്കൂറുകൾക്കുള്ളിൽ പതിനായിരങ്ങൾ പിടഞ്ഞുമരിച്ച ലോകത്തിലെ ഏറ്റവും വലിയ വ്യവസായ ദുരന്തമായ ഭോപ്പാൽ ദുരന്തം 27 വർഷങ്ങൾക്ക് ശേഷവും നീതി തേടുകയാണ്. 1984 ഡിസംബർ രണ്ടിലെ ദുരന്തരാത്രി ജീവിതം അസാധ്യമാക്കിത്തീർത്ത നിരവധി ജീവനുകൾ ഇന്നും ഭോപ്പാലിൽ നരകയാതന അനുഭവിക്കുന്നു. ദുരന്തത്തിന്റെ കാരണക്കാരെ മാതൃകാപരമായി ശിക്ഷിക്കാനും ഭോപ്പാലിനെ ജീവിതത്തിലേക്ക് മടക്കിക്കൊണ്ടുവരാനുമാകാതെ നമ്മുടെ ജനാധിപത്യ സംവിധാനങ്ങൾ തുടർച്ചയായി പരാജയപ്പെടുന്നു. തലമുറകളിലേക്ക് വ്യാപിക്കുന്ന രാസവിഷത്തിന്റെ സാന്നിദ്ധ്യം ഇന്ന് ഭോപ്പാലിനെ മറ്റൊരു ദുരന്തത്തിലേക്ക് തള്ളിവിടുകയാണ്. ലോകത്തിലെ ഏറ്റവും വലിയ കോർപറേറ്റുകളിലൊന്നായ യൂണിയൻ കാർബൈഡിന് മുന്നിൽ മുട്ടുമടക്കാതെ ഈ കൊടിയ ദുരന്തത്തിന്റെ ഇരകൾ പോരാട്ടം തുടരുകായാണ്. ഭോപ്പാലിന്റെ നീതിക്ക്വേണ്ടി 1984 മുതൽ പല തലങ്ങളിൽ പ്രവർത്തിക്കുന്ന**

## സത്യനാഥ് സാരംഗി

**ഭോപ്പാൽ അനുഭവങ്ങൾ കേരളീയവുമായി പങ്കുവയ്ക്കുന്നു**



ഫോട്ടോ: അഫാൻ

❝ 27 വർഷങ്ങൾക്ക് ശേഷവും അനീതികൾ തുടർന്നിട്ടും ജനങ്ങൾ അതിനെതിരെ പ്രതിഷേധമുയർത്താൻ തയ്യാറാണ് എന്നതാണ് ഞങ്ങളുടെ പ്രവർത്തനങ്ങളെ ഇപ്പോഴും സജീവമാക്കുന്നത്. ❞

### നീതിലഭിക്കാത്ത ഭോപ്പാലിന്റെ ഇപ്പോഴത്തെ അവസ്ഥയെന്താണ്? എന്തെല്ലാമാണ് പ്രധാന വെല്ലുവിളികൾ?

അതിരൂക്ഷമായ ഭൂഗർഭജലമലിനീകരണമാണ് ഇപ്പോൾ ഭോപ്പാൽ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നം. രണ്ടാമതൊരു മഹാദുരന്തത്തിലേക്കാണ് ഭോപ്പാൽ പോകുന്നത്. കാർബൈഡ് കമ്പനിയുടെ പ്ലാന്റിൽ നിന്നും പുറംതള്ളിയ ടൺകണക്കിന് വിഷപദാർത്ഥങ്ങൾ ഭൂഗർഭജലത്തിൽ കലർന്നിട്ടുണ്ട്. ഭോപ്പാൽ ദുരന്തം നടന്ന പ്ലാന്റിന്റെ അഞ്ച് കിലോമീറ്റർ ചുറ്റളവിലെ കിണറുകളിൽ കൊടിയ വിഷമാണ് ഇപ്പോഴുള്ളത്. നൂറ് അടിതാഴ്ചയിലേക്ക് വെള്ളം മലിനമാക്കപ്പെട്ടിരിക്കുന്നു. വെള്ളത്തിലെ മാരകമായ രാസമാലിന്യങ്ങളുടെ അളവ് നിരവധി പഠനങ്ങളിലൂടെ തെളിയിക്കപ്പെട്ടിട്ടുണ്ട്. മണ്ണ്, ഭൂഗർഭജലം എന്നിവയിൽ മാരകരോഗങ്ങൾക്ക് കാരണമാകുന്ന ട്രൈക്ലോറോ ബെൻസീൻ എന്ന ലോഹത്തിന്റെ സാന്നിദ്ധ്യം പഠനങ്ങളിൽ കാണാൻ കഴിഞ്ഞു. ഫാക്ടറിയുടെ സമീപം കഴിയുന്ന 40,000ൽ അധികമാളുകൾ ഈ വെള്ളമാണ് ദൈനംദിന ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നത്. ആരോഗ്യപ്രശ്നങ്ങൾ ഇവിടെ പതിവായിട്ടുണ്ട്. യൂണിയൻ കാർബൈഡ് ഏറ്റെടുത്ത ഡൗ കെമിക്കൽസ് ഈ പ്രശ്നത്തിന്റെ ഉത്തരവാദിത്തം ഏറ്റെടുത്ത് കമ്പനിയിൽ അടിഞ്ഞുകൂടിയ മാലിന്യങ്ങൾ ശാസ്ത്രീയമായ രീതിയിൽ സംസ്കരിക്കണമെന്നും ജനങ്ങൾക്കുണ്ടായ നഷ്ടങ്ങൾ പരിഹരിക്കണമെന്നതുമാണ് ഞങ്ങൾ ഇപ്പോൾ മുന്നോട്ട് വയ്ക്കുന്ന ഒരു പ്രധാന ആവശ്യം. സർക്കാറും ഇക്കാര്യത്തിൽ നടപടികളൊന്നും എടുത്തിട്ടില്ല. NEERI (National Environmental Engineering Research Institute) എന്ന സർക്കാർ സ്ഥാപനം ഭൂഗർഭജലത്തിൽ രാസമാലിന്യങ്ങളുടെ സാന്നിദ്ധ്യം കാണാൻ കഴിഞ്ഞില്ല എന്ന് പറഞ്ഞുകൊണ്ട് കോർപ്പറേറ്റുകളെ സഹായിക്കാനും ശ്രമം നടത്തി. ജനപക്ഷത്ത് നിന്ന് ശാസ്ത്രീയ അന്വേഷണങ്ങൾ നടത്തേണ്ട നീരിയുടെ ഈ നിലപാടിനെ ഡൽഹിയിലെ സി.എസ്.ഇ ഉൾപ്പെടെയുള്ള സ്വതന്ത്ര ഏജൻസികൾ നടത്തിയ പഠനങ്ങളുടെ അടിസ്ഥാനത്തിൽ ഞങ്ങൾ ചെറുത്തു. നിരവധി ശാസ്ത്രജ്ഞന്മാർ ഞങ്ങൾക്ക് പിന്തുണ നൽകി. എന്നിട്ടും ഈ വിഷയത്തിൽ നടപടികൾ നീളുകയാണ്.

ഇരകൾക്ക് സാമ്പത്തികമായ നഷ്ടപരിഹാരം നൽകുന്ന കാര്യത്തിലും സർക്കാർ പൂർണ്ണമായും പരാജയപ്പെട്ടിരിക്കുന്നു. ഭോപ്പാൽ ദുരന്തത്തിന്റെ ഇരകളായവരിൽ അധികവും ശാരീരികാധ്വാനം വേണ്ട തൊഴിലുകളിൽ ഏർപ്പെട്ടിരുന്നവരാണ്. ദുരന്തത്തെത്തുടർന്ന് അവർക്ക് അതിന് കഴിയാത്ത സ്ഥിതിയാണുള്ളത്. പതിനായിരക്കണക്കിന് കുടുംബങ്ങൾ ഇത്തരത്തിൽ ദുരിതമനുഭവിക്കുന്നു. യൂണിയൻ കാർബൈഡ് ഏറ്റെടുത്ത ഡൗ കെമിക്കൽസ് ദുരന്തത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുത്തിട്ടില്ല. അമേരിക്കയിൽ യൂണിയൻ കാർബൈഡിന്റെ പേരിലുണ്ടായിരുന്ന പല കേസുകളുടെ ഉത്തരവാദിത്വം കമ്പനി കൈമാറ്റത്തിന് ശേഷം ഡൗ ഏറ്റെടുക്കുകയുണ്ടായി. എന്നാൽ ഭോപ്പാലിന്റെ കാര്യത്തിൽ അവരുടെ സമീപനം അതല്ല. കേന്ദ്രമന്ത്രിമാരായ പി. ചിദമ്പരവും കമൽനാഥും ആസൂത്രണ കമ്മീഷൺ ഉപാദ്ധ്യക്ഷൻ മൊൺഡേഗ്സിംഗ് അലുവാലിയയുമെല്ലാം ഡൗ കെമിക്കൽസിന്റെ ഈ നിലപാടിനെ പരസ്യമായി പിന്തുണയ്ക്കുന്നുണ്ട്. ഡൗ ഇന്ത്യയിൽ നടത്തിയിട്ടുള്ള നിക്ഷേപത്തിന്റെ വലിപ്പമാണ് അവർ പകരം ചൂണ്ടിക്കാണിക്കുന്നത്.

യൂണിയൻ കാർബൈഡിന്റെ സെക്രട്ടറിയായിരുന്ന ജോൺമക്ഡൊണാൾഡിനെയും കമ്പനിയുടെ ആഗോള തലവൻ വാറൻ ആന്റേഴ്സണേയും നിയമത്തിന് മുന്നിൽ കൊണ്ടുവരാൻ ഇനിയും കഴിഞ്ഞിട്ടില്ല. ലോകത്തിലെ ഏറ്റവും വലിയ കോർപ്പറേറ്റുകളിലൊന്നായ യൂണിയൻ കാർബൈഡിന് ലോകത്തിലെ ഏറ്റവും ശക്തമായ ഭരണകൂടമായ യു.എസിന്റെ പിന്തുണ ലഭിക്കുന്നു എന്നത് ഞങ്ങളെ കൂടുതൽ വിഷമവൃത്തത്തിലാക്കുന്നു.

### ആശാവഹമായി ഭോപ്പാലിൽ നിന്നും ഒന്നും പറയാനില്ലെന്നാണോ?


27 വർഷങ്ങൾക്ക് ശേഷവും അനീതികൾ തുടർന്നിട്ടും ജനങ്ങൾ അതിനെതിരെ പ്രതിഷേധമുയർത്താൻ തയ്യാറാണ് എന്നതാണ് ഞങ്ങളുടെ പ്രവർത്തനങ്ങളെ ഇപ്പോഴും സജീവമാക്കുന്നത്.

### സത്യു ഭോപ്പാലിലേക്ക് എത്താനുണ്ടായ സാഹചര്യം?

ഭോപ്പാൽ ദുരന്തത്തെക്കുറിച്ച് റേഡിയോയിലൂടെ കേട്ടറിഞ്ഞാണ് രണ്ട് ദിവസത്തിന് ശേഷം ഞാൻ അവിടെയെത്തുന്നത്. അതിഭീകരമായിരുന്നു ഭോപ്പാലിന്റെ അപ്പോഴത്തെ സ്ഥിതി. ദുരന്തത്തിന്റെ രൂപത്തെക്കുറിച്ച് വ്യക്തമായ ധാരണയില്ലാതെ ജനം പകച്ചുനിൽക്കുന്നു. ജീവൻ നഷ്ടപ്പെട്ടവരുടെ ശരീരങ്ങൾ പൊതുനിരത്തുകളിൽ നിന്നും നീക്കം ചെയ്തിട്ടുണ്ടായിരുന്നില്ല. എവിടെയും വൈകല്യങ്ങൾ സംഭവിച്ചവരുടെ നിലവിളികൾ മാത്രം. ദുരന്തനിവാരണ പ്രവർത്തനങ്ങളിൽ ഞാനും പങ്കാളിയായി. ബനാറസ് ഹിന്ദു സർവ്വകലാശാലയിൽ മെറ്റലാർജിക്കൽ എഞ്ചിനീയറിംഗിൽ ഗവേഷക വിദ്യാർത്ഥിയായിരുന്നു അന്ന് ഞാൻ. ഭോപ്പാലിലാണ് എന്റെ ആവശ്യമെന്ന് തിരിച്ചറിഞ്ഞ ഞാൻ പഠനം അവിടെ ഉപേക്ഷിച്ചു. സഹറീലി ഗ്യാസ് ഖണ്ഡ് സംഘർഷ മോർച്ച എന്ന സംഘടനയുമായി ചേർന്നാണ് ആദ്യകാല പ്രവർത്തനങ്ങൾ ആരംഭിച്ചത്. ഭോപ്പാൽ ദുരന്തത്തിന്റെ ഇരകൾക്കായി പ്രവർത്തിക്കുന്ന സംഘടനയാണെങ്കിലും പൂർണ്ണമായും മധ്യവർഗ്ഗത്തിന്റെ കൈപ്പിടിയിലായിരുന്നു ആ സംഘടന. അതിന്റേതായ പരിമിതികളും അതിനുണ്ടായിരുന്നു. അതിന്റെ നേതൃത്വത്തെ ചോദ്യം ചെയ്തുകൊണ്ട് ഞാൻ അതിൽ നിന്നും പുറത്ത് പോരുന്നു. ഇരകളുടെ മുൻകൈയിൽ തന്നെയുള്ള ശ്രമങ്ങൾക്കായാണ് പിന്നീട് ഞാൻ മുന്നിട്ടിറങ്ങിയത്. നീതിക്കായുള്ള നിർദ്ധനജനങ്ങളുടെ പോരാട്ടവീര്യം എനിക്ക് വലിയ പിന്തുണനൽകി. ഞാൻ അവർക്കും.

### ഭോപ്പാലിന്റെ നീതിക്കായി നിരവധി സംഘടകളും വ്യക്തികളും പ്രവർത്തിക്കുന്നുണ്ടല്ലോ? എന്തെല്ലാമാണ് സത്യുവിന്റെ പ്രവർത്തനങ്ങൾ?

നിരവധി സംഘടനകൾ ഭോപ്പാലിൽ പ്രവർത്തിക്കുന്നുണ്ട്. ഈ സംഘടനകളെല്ലാം പരസ്പര പൂരകങ്ങളുമാണ്. ഭോപ്പാൽ ഗ്യാസ് ഇൻഫർമേഷൻ ആക്ഷൻ (BGIA),



**അമേരിക്കയിൽ യൂണിയൻ കാർബൈഡിന്റെ പേരിലുണ്ടായിരുന്ന പല കേസുകളുടെ ഉത്തരവാദിത്തം കമ്പനി കൈമാറ്റത്തിന് ശേഷം ഡൗ ഏറ്റെടുക്കുകയുണ്ടായി. എന്നാൽ ഭോപ്പാലിന്റെ കാര്യത്തിൽ അവരുടെ സമീപനം അതല്ല. കേന്ദ്രമന്ത്രിമാരായ പി. ചിദംബരവും കമൽനാഥും ആസൂത്രണ കമ്മീഷൺ ഉപാദ്ധ്യക്ഷൻ മൊൺഡേഗ്സിംഗ് അലുവാലിയയുമെല്ലാം ഡൗ കെമിക്കൽസിന്റെ ഈ നിലപാടിനെ പരസ്യമായി പിന്തുണയ്ക്കുന്നുണ്ട്. ഡൗ ഇന്ത്യയിൽ നടത്തിയിട്ടുള്ള നിക്ഷേപത്തിന്റെ വലിപ്പമാണ് അവർ പകരം ചൂണ്ടിക്കാണിക്കുന്നത്.**

സംഭാവന ട്രസ്റ്റ് (Sambhavana, means compassion) എന്നീ സംഘടനകളിലാണ് ഞാൻ പ്രവർത്തിക്കുന്നത്. ഭോപ്പാൽ ഗ്യാസ് ഇൻഫർമേഷൻ ആക്ഷൻ പ്രധാനമായും ഡോക്യുമെന്റേഷൻ, ഗവേഷണം തുടങ്ങിയ പ്രവർത്തനങ്ങളാണ് നടത്തുന്നത്. വലിയ ഡോക്യുമെന്റേഷൻ സെന്ററാണ് ഞങ്ങൾക്കുള്ളത്. ഭോപ്പാൽ ദുരന്തത്തെ തുടർന്ന് നീതിക്ക് വേണ്ടിയുള്ള പോരാട്ടത്തിൽ ലഭ്യമാക്കേണ്ട മുഴുവൻ ഡോക്യുമെന്റുകളും ഞങ്ങൾ നേരിട്ട് ശേഖരിച്ചിട്ടുണ്ട്. ഈ വസ്തുതകളുടെ അടിസ്ഥാനത്തിലാണ് ഇപ്പോൾ പോരാട്ടം. അതുകൊണ്ടുതന്നെ ആർക്കും ഞങ്ങൾ പറയുന്നത് അത്രവേഗം തള്ളിക്കളയാൻ കഴിയില്ല. ഭോപ്പാൽ പ്രശ്നത്തെ അന്തർദേശീയ തലത്തിൽ അവതരിപ്പിക്കുന്നതിനും പിന്തുണകൾ തേടുന്നതിനും ബി.ജി.ഐ.എ നിരവധി ശ്രമങ്ങൾ നടത്തുന്നുണ്ട്. യൂണിയൻ കാർബൈഡിനെപ്പോലെയുള്ള കോർപ്പറേറ്റിനെ നേരിടുന്നതിന് അന്തർദേശീയതലത്തിലുള്ള പിന്തുണ വളരെ അത്യാവശ്യമായിരുന്നു.

ആരോഗ്യപ്രവർത്തനങ്ങളാണ് സംഭാവന ട്രസ്റ്റ് നടത്തുന്നത്. ആരോഗ്യം ഭോപ്പാലിൽ വലിയ പ്രശ്നമായിരുന്നു. തൊഴിലെടുത്ത് ജീവിച്ചിരുന്ന പലർക്കും ദുരന്തത്തെതുടർന്ന് അതിന് കഴിയാതെ വന്നതോടെ ആരോഗ്യത്തിന്റെ കാര്യത്തിൽ കൂടുതൽ ശ്രദ്ധിക്കേണ്ടതായി വന്നു. ഭോപ്പാലിലുണ്ടായിരുന്ന ആധുനിക വൈദ്യശാസ്ത്ര സംവിധാനങ്ങൾക്ക് പല പ്രശ്നങ്ങളും പരിഹരിക്കാൻ കഴിയില്ലായിരുന്നു. ആയുർവേദവും പഞ്ചകർമ്മയും ആധുനിക വൈദ്യശാസ്ത്രവും ചേർന്നുള്ള പുതിയ ചികിത്സാരീതി വേണമെന്ന തീരുമാനത്തിൽ നിന്നായിരുന്നു ഞങ്ങൾ 1995ൽ സംഭാവന ട്രസ്റ്റ് ആരംഭിക്കുന്നത്. വ്യവസായ മാലിന്യങ്ങൾ കൊണ്ടുണ്ടാകുന്ന രോഗങ്ങൾക്ക് ഇത്തരത്തിലുള്ള ചികിത്സമാത്രമേ ഫലം ചെയ്യുകയുള്ളൂ. ഇന്ത്യയിലെമ്പാടും വ്യാവസായിക ദുരന്തങ്ങൾ കാരണം രോഗബാധിതരായവരെ സഹായിക്കാനും സംഭാവന ശ്രമിക്കുന്നുണ്ട്. പച്ചമരുന്നുകളുടെ വലിയൊരു തോട്ടം സംഭാവനയോട് ചേർന്ന് ഞങ്ങൾ വികസിപ്പിച്ചെടുത്തിട്ടുണ്ട്. ആധുനിക വൈദ്യശാസ്ത്രത്തിന് അതിന്റേതായ ഗുണങ്ങളുണ്ട്, പക്ഷെ ഭോപ്പാലിൽ അത് ഫലപ്രദമല്ലെന്നതാണ് ഞങ്ങളുടെ അനുഭവം.


ചിംഗാരി ട്രസ്റ്റാണ് മറ്റൊരു സംഘടന. ഭോപ്പാൽ ദുരന്തത്തിന് ശേഷം ജനിക്കുന്ന വൈകല്യങ്ങളുള്ള കുട്ടികളെ സഹായിക്കുന്നതിനായാണ് ചിംഗാരി ട്രസ്റ്റ് രൂപീകരിച്ചത്. ഭോപ്പാൽ ദുരന്തത്തെ തുടർന്ന് കുടുംബം നഷ്ടമായ റഷീദാഭായിയും ചംപാദേവിയുമാണ് ട്രസ്റ്റിന്റെ നേതൃസ്ഥാനത്തുള്ളത്. ഗോൾഡ്മാൻ എൻവയോൺമെന്റൽ പുരസ്കാരംവഴി ലഭിച്ച തുക ഉപയോഗിച്ചാണ് ഇവർ ട്രസ്റ്റ് ആരംഭിച്ചിരിക്കുന്നത്. ചിംഗാരി എന്നാൽ ജ്വാല എന്നാണ് അർത്ഥം. We are the women of Bhopal. We are flames, not flowers. എന്നാണ് അവരുടെ മുദ്രാവാക്യം.

കോർപ്പറേറ്റ് ചാരിറ്റി ഫണ്ട് വാങ്ങില്ല എന്നത് ഞങ്ങളുടെ നയമാണ്. ഈ സംഘടനകളൊന്നും അത്തരം ഫണ്ടിന്റെ സഹായത്തോടെയല്ല പ്രവർത്തിക്കുന്നത്. സർക്കാറിന്റെ ധനസഹായവും വാങ്ങില്ല. വ്യക്തിപരമായ ധനസഹായങ്ങളാണ് ഞങ്ങൾ മുഖ്യമായും ആശ്രയിക്കുന്നത്. ഭോപ്പാൽ മെഡിക്കൽ അപ്പീൽ ക്യാമ്പയിൻ എന്ന പേരിൽ ലണ്ടനിലെ ഗാർഡിയൻ പത്രത്തിൽ സംഭാവന ആവശ്യപ്പെട്ടുകൊണ്ട് ഞങ്ങൾ ഒരു പരസ്യം കൊടുത്തു. 70,000 പൗണ്ട് ആ പരസ്യത്തിനുള്ള പ്രതികരണമായി സമാഹരിക്കാൻ കഴിഞ്ഞു.

### അലോപ്പതി മരുന്നുകൾക്കെതിരെ എടുക്കുന്ന നിലപാടും ഭോപ്പാൽ സമരത്തിന്റെ രാഷ്ട്രീയവും തമ്മിൽ എന്താണ് ബന്ധം?

ആഗോളതലത്തിൽ കെമിക്കൽ കമ്പനികളും മരുന്ന് കമ്പ

നികളും ഒരോ കമ്പനികളാണ്. അബ്സ്ട്രൽ എന്ന മരുന്ന് കമ്പനി ബ്ലഡ്കാൻസറിനുള്ള മരുന്നുണ്ടാക്കുന്നു. അതേ കമ്പനി തന്നെ എസറ്റൊക്ലോർ എന്ന പേരിൽ ഒരു കീടനാശിനി വിപണിയിലിറക്കുന്നുണ്ട്. ബ്ലഡ്കാൻസറിന് കാരണമാകുന്ന ഒരു കീടനാശിനിയാണിതെന്ന് തെളിഞ്ഞിട്ടുണ്ട്. ടെമെക്സിഫാൻ എന്ന ബ്രസ്റ്റ് കാൻസറിനുള്ള മരുന്നും ഇതേ കമ്പനിയുണ്ടാക്കുന്നുണ്ട്. ഇവരുടെ കീടനാശിനി തന്നെ ബ്രെസ്റ്റ് ക്യാൻസറിന് കാരണമാകുന്നതായി തെളിഞ്ഞിട്ടുണ്ട്. ഒക്ടോബർ മാസം ആചരിക്കുന്ന ബ്ലഡ്ക്യാൻസർ അവയർനെസ് പരിപാടിയുടെ ഔദ്യോദിക സ്പോൺസർ കൂടിയാണ് ഈ കമ്പനി. അവയർനെസ് പരിപാടിയുടെ ഭാഗമായി നടത്തുന്ന ക്യാമ്പയിനുകളിലെല്ലാം ഇവരുടെ കീടനാശിനി ക്യാൻസറിന് കാരണമാകുന്നു എന്ന കാര്യം അവർ മറച്ചുവയ്ക്കുന്നു. പല മരുന്ന് കമ്പനികളും ഈ രീതിയിലാണ് പ്രവർത്തിക്കുന്നത്. ഭോപ്പാലിൽ ഞങ്ങൾ ആവിഷ്കരിച്ച ചികിത്സാരീതിയിൽ നിന്നും ഇംഗ്ലീഷ് മരുന്നുകളെ അകറ്റി നിർത്താനുള്ള കാരണവും അതാണ്. രാസമാലിന്യത്തിന്റെ ഇരകളായി തീർന്നവർക്ക് മരുന്ന് നൽകുന്നതിലൂടെ ലഭിക്കുന്ന പണം കൊണ്ട് വീണ്ടും ഇവർ രാസവിഷം നിർമ്മിക്കാൻ പാടില്ല എന്നതായിരുന്നു അതിന്റ പിന്നിലെ രാഷ്ട്രീയം.



**ഭോപ്പാൽ ദുരന്തം നടന്ന പ്ലാന്റിന്റെ അഞ്ച് കിലോമീറ്റർ ചുറ്റളവിലെ കിണറുകളിൽ കൊടിയ വിഷമാണ് ഇപ്പോഴുള്ളത്. നൂറ് അടിതാഴ്ചയിലേക്ക് വെള്ളം മലിനമാക്കപ്പെട്ടിരിക്കുന്നു. വെള്ളത്തിലെ മാരകമായ രാസമാലിന്യങ്ങളുടെ അളവ് നിരവധി പഠനങ്ങളിലൂടെ തെളിയിക്കപ്പെട്ടിട്ടുണ്ട്. മണ്ണ്, ഭൂഗർഭജലം എന്നിവയിൽ മാരക രോഗങ്ങൾക്ക് കാരണമാകുന്ന ട്രൈക്ലോറോ ബെൻസീൻ എന്ന ലോഹത്തിന്റെ സാന്നിദ്ധ്യം പഠനങ്ങളിൽ കാണാൻ കഴിഞ്ഞു. ഫാക്ടറിയുടെ സമീപം കഴിയുന്ന 40,000ൽ അധികമാളുകൾ ഈ വെള്ളമാണ് ദൈനംദിന ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നത്.**

### സമരവും നിർമ്മാണാത്മക പ്രവർത്തനങ്ങളും എങ്ങനെയാണ് ഒരുപോലെ മുന്നോട്ട് കൊണ്ടുപോകാൻ കഴിയുന്നത്?

പലപ്പോഴും അത് പ്രയാസമാണ്. രണ്ട് പ്രവർത്തനമേഖലകളുടെയും വ്യത്യാസങ്ങളെക്കുറിച്ച് കൃത്യമായ ധാരണയുണ്ടായിരിക്കണം. ഞങ്ങൾക്ക് രണ്ടിനും പ്രത്യേക വോളണ്ടിയർമാരുണ്ട്. ഭോപ്പാലിലെ ആദ്യനാളുകളിൽ ആരോഗ്യപ്രവർത്തനങ്ങളും സമരവും ഒരുപോലെ കൊണ്ടുപോകാൻ ഞാൻ ശ്രമിച്ചിരുന്നു. അതുകൊണ്ടുതന്നെ അന്ന് ഞങ്ങൾ നടത്തിയിരുന്ന ക്ലിനിക്ക് പോലീസ് റെയ്ഡ് ചെയ്ത് നശിപ്പിച്ചു. ഒരുപാട് മെഡിക്കൽ റെക്കോഡുകൾ നഷ്ടമായി. മുൻഅനുഭവങ്ങളുടെ അടിസ്ഥാനത്തിൽ ഇപ്പോൾ കൃത്യമായും രണ്ട് സ്ഥാപനങ്ങളായാണ് ഭോപ്പാൽ ഗ്യാസ് ഇൻഫർമേഷൻ ആക്ഷനും സംഭാവനയും പ്രവർത്തിക്കുന്നത്.

### 25 വർഷത്തിന് ശേഷമുണ്ടായ കോടതിവിധി നിരാശപ്പെടുത്തുന്നതായിരുന്നല്ലോ? പേരിന് മാത്രമുള്ള ശിക്ഷമാത്രമാണ് പ്രതികൾക്ക് ലഭിച്ചത്? നാളുകൾനീണ്ട നിയമപോരാട്ടം നടത്തിയിട്ടും ഇത്രദുർബലമായ ഒരു വിധിയുണ്ടാകാൻ കാരണമെന്താണ്?

രണ്ട് വർഷത്തെ തടവും ഒരു ലക്ഷം രൂപ പിഴയുമാണ് കോടതി വിധിച്ചത്. പതിനായിരക്കണക്കിനാളുകൾ മരിച്ച വലിയ വ്യാവസായിക ദുരന്തത്തെ ഒരു ട്രാഫിക് അപകടം പോലെയാണ് ജഡ്ജി പരിഗണിച്ചത്. യൂണിയൻ കാർബൈഡ് ഇന്ത്യയുടെ ചെയർമാൻ കേശുബ് മഹീന്ദ്രയ്ക്ക് ശിക്ഷ ലഭിച്ചപ്പോഴും യൂണിയൻ കാർബൈഡിന്റെ ആഗോള മുതലാളി വാറൻ ആന്റേഴ്സണെക്കുറിച്ച് ഒരു പരാമർശവും ജഡ്ജ്മെന്റിൽ ഉണ്ടായില്ല. അഞ്ച് ലക്ഷം രൂപമാത്രമാണ് കമ്പനിയിൽ നിന്നും പിഴയായി ഈടാക്കിയത്. ഞങ്ങൾക്ക് പണം തന്ന് രക്ഷപെടാൻ കേശുബ് മഹീന്ദ്ര മുൻപ് ശ്രമിച്ചിട്ടുണ്ട്. കുറ്റം സമ്മതിക്കാതിരിക്കുകയും കള്ളത്തരം കാണിച്ച് രക്ഷപെടാൻ ശ്രമിക്കുകയും ചെയ്തയാളാണ് അയാൾ. കേസ് മുന്നോട്ട് കൊണ്ടുപോകാനുള്ള എല്ലാ രേഖകളും ഞങ്ങളുടെ കൈവശമുണ്ട്. നിയമപോരാട്ടം ഞങ്ങൾ ഇനിയും തുടരും.

### കോടതിയിൽ നിന്നും നീതി പ്രതീക്ഷിക്കുന്നുണ്ടോ?

നൂറ് ശതമാനം നീതി ഒരു കോടതിയിൽ നിന്നും പ്രതീക്ഷിക്കുന്നില്ല. പക്ഷെ നീതിക്കായുള്ള പോരാട്ടത്തിൽ നിയമം ഒരു പ്രധാനകാര്യമാണ്. സർക്കാറുമായി യുദ്ധം ചെയ്യേണ്ടിവരും, ശാസ്ത്രസ്ഥാപനങ്ങളുമായി യുദ്ധം

ചെയ്യേണ്ടിവരും, രാഷ്ട്രീയ സംവിധാനങ്ങളുമായി യുദ്ധം ചെയ്യേണ്ടിവരും. എല്ലാ പ്രതീക്ഷയും കോടതിയിൽ അർപ്പിക്കാൻ കഴിയില്ല. ഡൗ കെമിക്കൽസുമായുള്ള നിയമപോരാട്ടത്തിൽ യു.എസ് സർക്കാറിന്റെ സഹായവും വേണ്ടിവരും. അമേരിക്കൻ സെനറ്റർമാർ പലരും ഇപ്പോൾ ഡൗ കെമിക്കൽസിനെതിരെ നിലപാടെടുക്കുന്നുണ്ട്. അമേരിക്കയിലെ പല യൂണിവേഴ്സിറ്റി വിദ്യാർത്ഥികളും ഭോപ്പാലിന്റെ നീതിക്ക് വേണ്ടി അവിടെ ക്യാമ്പയിൻ നടത്തുന്നുണ്ട്.


### ഭോപ്പാൽ പ്ലാന്റ് ഇനിയെന്ത് ചെയ്യും?

പ്ലാന്റിലെ മുഴുവൻ മാലിന്യങ്ങളും നീക്കം ചെയ്യണം. 21 സ്ഥലത്ത് മാരകമായ മാലിന്യങ്ങൾ കുഴിച്ചിട്ടിട്ടുണ്ട്. ഡൗ കെമിക്കൽസ് മുൻകൈയെടുത്ത് അതെല്ലാം ക്ലീൻ ചെയ്യണം. ഭോപ്പാൽ ദുരന്തത്തിന്റെ സ്മാരകമായി ആ സ്ഥലം മാറ്റണം. നാസി കോൺസൺട്രേഷൻ ക്യാമ്പ് പിന്നീട് സ്മാരകങ്ങളാക്കി മാറ്റിയല്ലോ. അതേ മാതൃക ഇവിടെയുമാകാം. ലാഭം മനുഷ്യജീവിതത്തേക്കാൾ പ്രധാനമായാൽ എന്താണ് സംഭവിക്കുന്നതെന്ന് വരും തലമുറയ്ക്ക് ബോധ്യപ്പെടുത്താൻ അത് സഹായകമാകും.

### ഇത്തരം ദുരന്തങ്ങൾ ആവർത്തിക്കാത്തതരത്തിൽ എന്താണ് നമുക്ക് ചെയ്യാൻ കഴിയുന്നത്?

ഇന്ത്യൻ പീനൽ കോഡിന്റെ സെക്ഷൻ 302 പ്രകാരം കൊലക്കുറ്റത്തിനാണ് കമ്പനിക്കെതിരെ കേസെടുക്കേണ്ടത്. അതിനുവേണ്ട തെളിവുകൾ ഇവിടെയുണ്ട്. അപകടമാണെന്നറിഞ്ഞിട്ടും സുരക്ഷിതമല്ലാത്ത സാങ്കേതികവിദ്യ തുടർച്ചയായി ഉപയോഗിക്കുന്നത് കൊലക്കുറ്റത്തിന് കേസെടുക്കാവുന്ന ചെയ്തിയാണ്. ആരേയും കൊല്ലാൻ ഉദ്ദേശമില്ലാതെ ആൾക്കൂട്ടത്തിന് നേരെ നിറയൊഴിക്കുന്നതുപോലെയാണ് അത്. അതുതന്നെയാണ് യൂണിയൻ കാർബൈഡും ചെയ്തത്. ലാഭത്തിന് വേണ്ടി വേണ്ടത്ര സുരക്ഷാ സംവിധാനങ്ങളില്ലാതെയാണ് അവർ ഭോപ്പാലിലെ പ്ലാന്റ് പോലും രൂപകല്പന ചെയ്തത്. അതും ജനനിബിഡമായ ഒരു സ്ഥലത്ത്.

ദുരന്തങ്ങൾ ആവർത്തിക്കാതിരിക്കാൻ സമരപ്രവർത്തകർക്കും ചിലത് ചെയ്യാനുണ്ട്. ഡൗവിന്റെ ഉത്പന്നങ്ങൾ ബഹിഷ്കരിക്കണം. ഡൗവിന്റെ സാന്നിദ്ധ്യം അദൃശ്യമാണ്. അതുകൊണ്ട് തന്നെ അവരുടെ ഉത്പന്നങ്ങൾ തിരിച്ചറിയാൻ പ്രയാസമാണ്. ഡേർസ്ബാൻ (Dursban) എന്ന കീടനാശിനിയാണ് അവരുടെ പ്രധാന ഉത്പന്നം. Chlorpyrifos എന്ന കെമിക്കലാണ് ഈ കീടനാശിനിയുണ്ടാക്കുന്നതിനായി ഉപയോഗിക്കുന്നത്. ഡൽഹിയിലെ സെന്റർ ഫോർ സയൻസ് ആന്റ് എൻവയോൺമെന്റ് കുപ്പിവെള്ളത്തിൽ നടത്തിയ പരിശോധനയിൽ ഈ കീടനാശിനിയുടെ സാന്നിദ്ധ്യം കണ്ടെത്തിയിരുന്നു. യു.എസ്സിൽ നടത്തിയ പരിശോധനയിൽ രക്തസാമ്പിളുകളിൽ Chlorpyrifosന്റെ സാന്നിദ്ധ്യം കണ്ടെത്തിയിരുന്നു. തുടർന്ന് യു.എസ് ഡേർസ്ബാനിന് നിരോധനം ഏർപ്പെടുത്തിയിരിക്കുകയാണ്. എന്നാൽ ഇന്ത്യ ഇപ്പോഴും ഇത് ഉത്പാദിപ്പിക്കുകയും ഉപയോഗിക്കുകയും ചെയ്യുന്നുണ്ട്. Osoline എന്ന ജൈവ കീടനാശിനിയുടെ ഉപയോഗം പ്രോത്സാഹിപ്പിച്ചുകൊണ്ട് ഞങ്ങൾക്ക് ഡേർസ്ബാനിനെ ഉപരോധിക്കാൻ കഴിഞ്ഞു.




**ആഗോളതലത്തിൽ കെമിക്കൽ കമ്പനികളും മരുന്ന് കമ്പനികളും ഒരോ കമ്പനികളാണ്. അബ്സ്ട്രൽ എന്ന മരുന്ന് കമ്പനി ബ്ലഡ്കാൻസറിനുള്ള മരുന്നുണ്ടാക്കുന്നു. അതേ കമ്പനി തന്നെ എസറ്റൊക്ലോർ എന്ന പേരിൽ ഒരു കീടനാശിനി വിപണിയിലിറക്കുന്നുണ്ട്. ബ്ലഡ്കാൻസറിന് കാരണമാകുന്ന കീടനാശിനിയാണിതെന്ന് തെളിഞ്ഞിട്ടുണ്ട്. ഭോപ്പാലിൽ ഞങ്ങൾ ആവിഷ്കരിച്ച ചികിത്സാരീതിയിൽ നിന്നും ഇംഗ്ലീഷ് മരുന്നുകളെ അകറ്റി നിർത്താനുള്ള കാരണവും അതാണ്. രാസമാലിന്യത്തിന്റെ ഇരകളായി തീർന്നവർക്ക് മരുന്ന് നൽകുന്നതിലൂടെ ലഭിക്കുന്ന പണം കൊണ്ട് വീണ്ടും ഇവർ രാസവിഷം നിർമ്മിക്കാൻ പാടില്ല എന്നതായിരുന്നു അതിന്റ പിന്നിലെ രാഷ്ട്രീയം.**

Osoline കമ്പനിയിൽ നിന്നും ജൈവകീടനാശിനിയുടെ വിതരണാവകാശം ഞങ്ങൾ ചോദിച്ച് വാങ്ങുകയായിരുന്നു. സമരപ്രവർത്തനം പലതലങ്ങളിൽ നടത്തേണ്ടതാണ് എന്നതുകൊണ്ടുകൂടിയാണ് ഈ പ്രവർത്തനങ്ങൾ ഏറ്റെടുത്തത്.

എൻ.സി.ആർ.ടി പുസ്തകത്തിൽ ഭോപ്പാലിലെ അനീതിയെക്കുറിച്ചുള്ള പാഠങ്ങൾ ഉൾപ്പെടുത്താൻ കഴിഞ്ഞതും നേട്ടമാണ്. വരും തലമുറ ഇതെല്ലാം അറിയേണ്ടതുണ്ട്. ദുരന്തം ആവർത്തിക്കാതിരിക്കാൻ അതും പ്രധാനമാണ്.

### ഭോപ്പാൽ ജനതയുടെ പിന്നോക്കാവസ്ഥ സമരത്തിന് തിരിച്ചടിയായോ?

തീർച്ചയായും. ഭോപ്പാലിലെ മാത്രം അവസ്ഥയല്ല അത്.

ലോകത്തെവിടെയും വ്യാവസായിക മലിനീകരണത്തിന്റെ ദുരന്തങ്ങൾ അനുഭവിക്കുന്നത് സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്ന ജനങ്ങളാണ്. കോർപ്പറേറ്റുകളും സർക്കാറുകളും ശാസ്ത്രസമൂഹവുമെല്ലാം എപ്പോഴും അവരെ വഞ്ചിച്ചുകൊണ്ടേയിരുന്നു.

**ഭോപ്പാലിന് പുറമെനിന്നുംവരുന്ന നിരവധി എൻ.ജി.ഒകൾ അവിടെ ഇടപെട്ടിട്ടുണ്ടല്ലോ. അവരുടെ പ്രവർത്തനങ്ങൾ ഉപകാരപ്പെട്ടിട്ടുണ്ടോ?**

1989-90 കാലത്താണ് എൻ.ജി.ഒകളുടെ ഒഴുക്ക് ഭോപ്പാലിലേക്കുണ്ടായത്. അനുകൂലവും പ്രതികൂലവുമായ പ്രതിഫലനങ്ങൾ അവരുടെ പ്രവർത്തനത്തിന്റെ ഭാഗമായി ഉണ്ടായിട്ടുണ്ട്. ഐക്യമില്ലായ്മ പലപ്രശ്നങ്ങളും ഉണ്ടാക്കിയെങ്കിലും ഭോപ്പാൽ പ്രശ്നം സജീവമായി നിലനിർത്താൻ അവരുടെ പ്രവർത്തനങ്ങൾ കാരണമായി. ഭോപ്പാൽ എന്ന പേര് ഇപ്പോഴും ആളുകളെ വൈകാരികമായി പിടിച്ചുലയ്ക്കുന്നു. ഭോപ്പാൽ ദുരന്തത്തിന് ശേഷം ജനിച്ച തലമുറയും ഭോപ്പാലിനോട് ഐക്യം കാണിക്കുന്നുണ്ട്. കുട്ടികളുടെ പങ്കാളിത്തവും പ്രതീക്ഷ നൽകുന്നുണ്ട്. അവർ പ്രതിനിധീകരിക്കുന്ന കുടുംബത്തിന്റെ സജീവപങ്കാളിത്തം സമരത്തിൽ ഉറപ്പുവരുത്താൻ കുട്ടികളുടെ ഇടപെടൽ കാരണമായിട്ടുണ്ട്. ഒരു കുടുംബം മുഴുവൻ സമരത്തിലേക്ക് വരുമ്പോൾ ആ കുടുംബാന്തരീക്ഷം തന്നെ കൂടുതൽ സർഗ്ഗാത്മകമായി മാറുന്നു. ചിൽഡ്രൻ എഗെയ്ൻസ്റ്റ് കാർബൈഡ് എന്ന കൂട്ടായ്മയാണ് കുട്ടികളെ സംഘടിപ്പിക്കുന്നത്. ഇത്തരത്തിൽ ഭോപ്പാലിന്റെ സമരവീര്യം കെടാതെ സൂക്ഷിക്കാനും വ്യാപിപ്പിക്കാനും പല സംഘടനകളുടെയും ഇടപെടൽ സഹായകമായിട്ടുണ്ട്.

**യു.എസ്സിലും നിരവധി സമരങ്ങൾ നിങ്ങൾ നടത്തിയിട്ടുണ്ട്. അവിടെ പൊതുസമൂഹത്തിന്റെ പിന്തുണ എത്രത്തോളമുണ്ടായിരുന്നു?**

വളരെക്കുറവായിരുന്നു. കുറച്ച്കൂടി മെച്ചപ്പെട്ട അവസ്ഥയിലാണ് നമ്മൾ. യു.എസ്സിൽ വച്ച് പലപ്പോഴും പൊതുസ്ഥലങ്ങളിൽ ഞങ്ങൾ ഉപവാസ സമരം നടത്തിയപ്പോൾ ആരും തിരിഞ്ഞുനോക്കുന്നുണ്ടായിരുന്നില്ല. ഇന്ത്യയിൽ അത്തരം ഒരനുഭവമുണ്ടായിട്ടില്ല. പക്ഷെ ഇന്ത്യ അമേരിക്കയെപ്പോലെയാകാൻ ശ്രമിക്കുന്നത് എന്നെ ആശങ്കപ്പെടുത്തുന്നു.


**തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തിൽ ഭോപ്പാൽ ചർച്ചചെയ്യപ്പെടുന്നുണ്ടോ? എന്താണ് രാഷ്ട്രീയപാർട്ടികളുടെ നിലപാട്?**

2010 ജൂണിലെ കോടതിവിധിക്ക് ശേഷമാണ് രാഷ്ട്രീയപാർട്ടികൾ ഭോപ്പാൽ ഒരു വിഷയമായി ഏറ്റെടുത്തത്. ബി.ജെ.പി കോൺഗ്രസിനെതിരെയുള്ള ആയുധമായി അത് പ്രയോഗിച്ചു. കോൺഗ്രസ് ഡൗ കെമിക്കൽസിനെ പരസ്യമായി പിന്തുണയ്ക്കുന്നതുകൊണ്ട് ഒരിക്കലും ഭോപ്പാൽ സമരത്തെ അനുകൂലിച്ചിട്ടില്ല. സി.പി.എം ആണ് ഒട്ടും അനുഭാവപൂർണ്ണമല്ലാത്ത നിലപാട് സ്വീകരിച്ചിട്ടുള്ളത്. നന്ദിഗ്രാം സംഭവത്തിന് കാരണം തന്നെ ഡൗ കെമിക്കൽസാണ്. സലീം ഗ്രൂപ്പാണ് നന്ദിഗ്രാമിൽ കെമിക്കൽ ഫാക്ടറി തുടങ്ങാനായി വന്നതെങ്കിലും അവരെ പിന്തുണയ്ക്കുന്നത് ഡൗ കെമിക്കൽസാണ്. നന്ദിഗ്രാമിൽ കെമിക്കൽപ്ലാന്റ് സ്ഥാപിക്കുന്നതിനായി കർഷകരെ കുടിയിറക്കിയ സി.പി.എമ്മിന് ഭോപ്പാലിനെ പിന്തുണയ്ക്കാൻ കഴിയുന്നതെങ്ങനെയാണ്.

പ്രാദേശികതലത്തിൽ രാഷ്ട്രീയേതരമായ പങ്കാളിത്തമാണ് ഭോപ്പാൽ സമരത്തിനുണ്ടായിട്ടുള്ളത്. കോൺഗ്രസും ബി.ജെ.പിയും എന്ന വ്യത്യാസമില്ലാതെ ജനങ്ങൾ ഭോപ്പാലിന്റെ നീതിക്കായി ഒരുമിച്ച് നിന്നിട്ടുണ്ട്. പൊതുജനാരോഗ്യവും രാസമലിനീകരണവുമെല്ലാം ഇന്ത്യയിൽ എവിടെയെങ്കിലും തെരഞ്ഞെടുപ്പിൽ ചർച്ചാവിഷയമായിട്ടുണ്ടോ? കേരളത്തിലും അതല്ലേ സ്ഥിതി.

**നർമ്മദാ ബചാവോ ആന്ദോളനിലും എൻ.എ.പി.എമ്മി(നാഷണൽ അലയൻസ് ഓഫ് പീപ്പിൾ മൂവ്മെന്റ്)ലും സത്യു പ്രവർത്തിച്ചിട്ടുണ്ട്. നിരവധി ജനകീയ സമരങ്ങളുമായി ബന്ധപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ജനകീയ രാഷ്ട്രീയത്തിന്റെ ഭാവി എങ്ങനെ വിലയിരുത്തുന്നു?**

**കോർപ്പറേറ്റുകൾക്ക് വലിയ പ്രഹരമുണ്ടാക്കുന്ന ആവശ്യമല്ല നഷ്ടപരിഹാരം. അവർ സൃഷ്ടിച്ച പ്രശ്നങ്ങൾ അതിലൂടെ പരിഹരിക്കപ്പെടുന്നതുമില്ല. ഭോപ്പാലിൽ നീതിയാണ് പ്രധാന വിഷയമായി ഞങ്ങൾ മുന്നോട്ട് വച്ചത്. കുറ്റവാളികൾ ശിക്ഷിക്കപ്പെടണം എന്നതുതന്നെയാണ് ഞങ്ങളുടെ പ്രധാന ആവശ്യം. ആ ശിക്ഷ ഒരു പാഠമായി മാറണം. ദുരന്തം ആവർത്തിക്കാൻ പാടില്ല എന്നതുതന്നെയാകണം ആ ശിക്ഷയുടെ സന്ദേശം. പണത്തിന്റെ അടിസ്ഥാനത്തിലുള്ള നഷ്ടപരിഹാരം ഇതൊന്നും പരിഹരിക്കുന്നില്ല**



## ഭോപ്പാൽ ദുരന്തം

അമേരിക്കൻ സ്ഥാപനമായ യൂണിയൻ കാർബൈഡ് കമ്പനി 1969ലാണ് ഭോപ്പാലിൽ കീടനാശിനി ഫാക്ടറി തുടങ്ങിയത്. നിലവിലുള്ള എല്ലാ നിയമങ്ങളും സുരക്ഷാചട്ടങ്ങളും കാറ്റിൽ പറത്തിയാണ് ജനങ്ങൾ തിങ്ങിപ്പാർക്കുന്ന ഭോപ്പാലിൽ അവർ ഫാക്ടറിയുടെ പ്രവർത്തനം തുടങ്ങിയത്. കമ്പനിയുടെ 51 ശതമാനം ഓഹരി യൂണിയൻ കാർബൈഡിനും 49 ശതമാനം ഇന്ത്യൻ പൊതുമേഖല സ്ഥാപനങ്ങൾക്കുമായിരുന്നു. സെവിൻ എന്ന കീടനാശിനിയായിരുന്നു അവിടെ നിന്നും ഉത്പാദിപ്പിച്ചിരുന്നത്. സെവിൻ നിർമ്മിക്കുന്നതിന് ആവശ്യമായ മീഥൈൽ ഐസോസൈനേറ്റ് സൂക്ഷിച്ചിരുന്ന ടാങ്കിൽ ചോർച്ചയുണ്ടായതിനെ തുടർന്നാണ് കമ്പനിയുടെ ചുറ്റും ജീവിച്ചിരുന്നവർ ശ്വാസംമുട്ടി മരിച്ചത്.

വാതകം ചോർന്ന് 72 മണിക്കൂറിനുള്ളിൽ 8000 നും 10,000നും ഇടയിൽ ആളുകൾ മരിച്ചെന്നാണ് റിപ്പോർട്ടുകൾ പറയുന്നത്. കമ്പനി പ്രവർത്തനം തുടങ്ങിയ ശേഷം പല തവണ ചെറിയ വാതകചോർച്ചകൾ സംഭവിച്ചെങ്കിലും ലാഭം മാത്രം നോക്കിയ മാനേജ്മെന്റ് അതൊന്നും ഗൗരവമായി എടുത്തില്ല. ഇതേ കമ്പനി അമേരിക്കയിലെ പ്ലാന്റുകളിൽ സ്ഥാപിച്ചിട്ടുള്ള സുരക്ഷാസംവിധാനങ്ങളൊന്നും ഭോപ്പാലിൽ സ്ഥാപിച്ചിരുന്നില്ല.

## 2010ലെ കോടതിവിധി

2010 ജൂൺ ഏഴിനാണ് ഭോപ്പാൽ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയുടെ വിധിവന്നത്. വിഷവാതകചോർച്ചയ്ക്ക് കാരണക്കാരായി കണ്ടെത്തിയ ഏഴ് പേർക്ക് രണ്ട് വർഷം തടവും ഒരു ലക്ഷം രൂപ വീതം പിഴയുമാണ് കോടതി ശിക്ഷ വിധിച്ചത്. യൂണിയൻ കാർബൈഡ് കമ്പനി പിഴയായി അഞ്ച് ലക്ഷം രൂപ നൽകണമെന്നും വിധിച്ചു. ശിക്ഷവിധിച്ച ശേഷം ഹാജരുണ്ടായിരുന്ന ആറ് പ്രതികൾക്കും 25,000 രൂപ ഈടിൽ ജാമ്യം അനുവദിച്ചു. ദുരന്ത സമയത്ത് യൂണിയൻ കാർബൈഡ് കമ്പനിയുടെ ഇന്ത്യയിലെ ചെയർമാനായിരുന്ന കേശബ് മഹീന്ദ്രയടക്കമുള്ളവർക്കാണ് ശിക്ഷ ലഭിച്ചത്.

ഇന്ത്യൻ ശിക്ഷാനിയമം 304(അശ്രദ്ധമൂലമുള്ള മരണം), 335, 337, 338 (അശ്രദ്ധമൂലമുള്ള അപകടം) എന്നീ നിസാരകുറ്റങ്ങൾ മാത്രമാണ് പ്രതികൾക്കെതിരെ ചുമത്തിയിരുന്നത്.

ചിന്താശേഷിയും ക്രിയാത്മകതയും ഇല്ലാത്ത സംഘടനകളാണ് എൻ.എ.പി.എമ്മും എൻ.ബി.എയും നാളുകളായി ഒരേ ഘടനതന്നെയാണ് അവർ പിന്തുടരുന്നത്. ഹിംസയേയും അഹിംസയേയും കുറിച്ചുള്ള അവരുടെ സങ്കൽപ്പവും കാലപ്പഴക്കം ചെന്നതാണ്. നേതാക്കളാണ് അവസാന വാക്ക്. ജനാധിപത്യം തീരെക്കുറവാണ്. ക്യാമ്പയിനുകളിൽ വൈവിധ്യം കാത്തുസൂക്ഷിക്കാനും അവർക്ക് കഴിയുന്നില്ല. വൈവിധ്യമുള്ള സമരരൂപങ്ങൾ ജനാധിപത്യപരമായി അവതരിപ്പിച്ചാൽ മാത്രമെ നവസാമൂഹിക പ്രസ്ഥാനങ്ങൾക്കും ജനകീയ സമരങ്ങൾക്കും ഭാവിയുള്ളൂ.

**വ്യാവസായിക മലിനീകരണവുമായി ബന്ധപ്പെട്ട് നിരവധി സമരങ്ങൾ കേരളത്തിൽ പലയിടത്തും നടക്കുന്നുണ്ട്. (പ്ലാച്ചിമട, കാതിക്കുടം, പെരിയാർ മലിനീകരണ വിരുദ്ധ സമരം, ചാലിയാർ ...). ഭോപ്പാൽ അനുഭവങ്ങളുടെ പിൻബലത്തിൽ ഈ സമരങ്ങളോട് എന്താണ് പറയാനുള്ളത്?**

മുതലാളിത്തത്തിന്റെ ഉത്പന്നങ്ങൾ വ്യാപകമായി ഉപയോഗിക്കുന്ന ഒരു സമൂഹമാണ് കേരളം. ഇംഗ്ലീഷ് മരുന്നുകളുടെ ഉപയോഗവും രാസ-കീടനാശിനികളുടെ ഉപയോഗവും കേരളത്തിൽ വളരെ കൂടുതലാണ്. കമ്പനിമൂലമുണ്ടായ മലിനീകരണത്തിന് നഷ്ടപരിഹാരം നൽകണമെന്നതാണ് വ്യാവസായിക മലിനീകരണത്തിനെതിരെയുള്ള സമരങ്ങളെല്ലാം പ്രധാനമായും മുന്നോട്ട് വയ്ക്കുന്ന ആവശ്യം. പണത്തിന്റെ അടിസ്ഥാനത്തിലുള്ള നഷ്ടപരിഹാരമാണ് നമ്മൾ ആവശ്യപ്പെടുന്നത്. വികസിതരാജ്യങ്ങളിൽ നടക്കുന്ന സമരങ്ങളും ഇതേ ആവശ്യമാണ് മുന്നോട്ട് വയ്ക്കുന്നത്. കോർപ്പറേറ്റുകൾക്ക് വലിയ പ്രഹരമുണ്ടാക്കുന്ന ആവശ്യമല്ല നഷ്ടപരിഹാരം. അവർ സൃഷ്ടിച്ച പ്രശ്നങ്ങൾ അതിലൂടെ പരിഹരിക്കപ്പെടുന്നതുമില്ല. ഭോപ്പാലിൽ നീതിയാണ് പ്രധാന വിഷയമായി ഞങ്ങൾ മുന്നോട്ട് വച്ചത്. കുറ്റവാളികൾ ശിക്ഷിക്കപ്പെടണം എന്നതുതന്നെയാണ് ഞങ്ങളുടെ പ്രധാന ആവശ്യം. ആ ശിക്ഷ ഒരു പാഠമായി മാറണം. ദുരന്തം ആവർത്തിക്കാൻ പാടില്ല എന്നതുതന്നെയാകണം ആ ശിക്ഷയുടെ സന്ദേശം. പണത്തിന്റെ അടിസ്ഥാനത്തിലുള്ള നഷ്ടപരിഹാരം ഇതൊന്നും പരിഹരിക്കുന്നില്ല.

സൈര്യജീവിതവും ആവാസവ്യവസ്ഥയും പുനസ്ഥാപിക്കാൻ വേണ്ടിയാണ് നഷ്ടപരിഹാരം ഉപയോഗിക്കേണ്ടത്. അല്ലാതെ പോകുന്ന പണം വരും തലമുറയെ വീണ്ടും നശിപ്പിക്കുകയേയുള്ളു. ഈ പുനസ്ഥാപനത്തിനൊപ്പം ദുരന്തം വീണ്ടും ആവർത്തിക്കപ്പെടാതിരിക്കാനുള്ള സാധ്യതകൂടി ഉറപ്പ്വരുത്തേണ്ടതുണ്ട്. സർക്കാർ നഷ്ടപരിഹാരം വ്യക്തിഗതമായി കണക്കാക്കാനാണ് താത്പര്യപ്പെടുന്നത്. ഓരോ വ്യക്തിക്കും എത്ര നഷ്ടമുണ്ടായി എന്ന് കണക്കാക്കുന്നു. ചില കാര്യങ്ങൾ അപ്പോൾ കണക്കിൽപ്പെടുത്താൻ കഴിയാതെവരും. ഭോപ്പാൽ ദുരന്തത്തെ തുടർന്ന രുചി അറിയാനുള്ള കഴിവ് നഷ്ടമായവരുണ്ട്. അവർക്കുണ്ടായ നഷ്ടം എങ്ങനെയാണ് കണക്കാക്കാൻ കഴിയുന്നത്. അതിനാൽ നഷ്ടപരിഹാരത്തേക്കാൾ പ്രധാനം നീതിതന്നെയാണെന്ന് സമരം ചെയ്യുന്നവർ എപ്പോഴും ഓർക്കണം.

**27 വർഷമായി ഒരു വിഷയം മാധ്യമ ശ്രദ്ധയിൽ നിർത്തുക എന്നത് പ്രയാസമുള്ള കാര്യമാണ്. ഈ പ്രതിസന്ധി എങ്ങനെയാണ് തരണം ചെയതത്?**

മാധ്യമങ്ങളുടെ പിന്തുണ ജനകീയസമരങ്ങൾക്ക് വളരെ അത്യന്താപേക്ഷിതമാണ്. ആ പിന്തുണ സ്വീകരിക്കുമ്പോൾ തന്നെ മാധ്യമങ്ങളുടെ താത്പര്യങ്ങളെക്കുറിച്ച് നമുക്ക് വ്യക്തമായ ബോധ്യമുണ്ടാവുകയും വേണം. പൊതുസമൂഹവുമായി സംവദിക്കാനുള്ള മാർഗ്ഗമെന്ന നിലയിൽ മാധ്യമങ്ങളെ തീർച്ചയായും ആശ്രയിക്കണം. സമരത്തിന്റെ രാഷ്ട്രീയം കൈവിടാതെയുള്ള പുതിയ സമരരൂപങ്ങൾ മാധ്യമശ്രദ്ധയ്ക്കായി ആവിഷ്കരിക്കേണ്ടതുണ്ട്. ഭോപ്പാൽ സമരത്തിന്റെ 25-ാം വാർഷിക സമയത്ത് ഭോപ്പാൽ പ്ലാന്റിൽ നിന്നുള്ള രാസമാലിന്യങ്ങൾ വിളമ്പുന്ന ഒരു സദ്യ ഞങ്ങളെ കബളിപ്പിച്ച രാഷ്ട്രീയ-ശാസ്ത്ര സമൂഹത്തിനായി ഞങ്ങൾ നടത്തുകയുണ്ടായി. നിങ്ങളുടെ വിശപ്പുകൊണ്ട് ഞങ്ങളുടെ നാട് ശുദ്ധീകരിക്കപ്പെടട്ടെ എന്നതായിരുന്നു പരിപാടിയുടെ മുദ്രാവാക്യം. വലിയ മാധ്യമപങ്കാളിത്തം ആ പരിപാടിക്ക് ലഭിച്ചു. വ്യത്യസ്തമായ സമരരൂപങ്ങളെക്കുറിച്ച് എല്ലാ സമരങ്ങളും ചിന്തിക്കേണ്ടിയിരിക്കുന്നു.

**(തയ്യാറാക്കിയത്: എസ്. ശരത്, റോബിൻ, കെ. സതീഷ്)**